# ജീവിത വിശുദ്ധി

## 2 കൊരിന്ത്യർ 07:01

"നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെതന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക."

നമ്മുടെ ജീവിതത്തിൽ വിശുദ്ധിയെ തികയ്ക്കേണ്ടത് ദൈവ ഭയത്തിലായിരിക്കണം എന്ന് വ്യക്തമായി ഇവിടെ പറഞ്ഞിരിക്കുന്നു. മനുഷ്യരോടുള്ള ഭയത്തെ പ്രതി കാണിക്കുന്ന വിശുദ്ധി ദൈവീകമായതല്ല അത് നിലനിൽക്കുന്നതുമല്ല. ഒരു മനുഷ്യനും തന്നെ കാണാത്തപ്പോഴും ദൈവത്തിന്റെ അഗ്നിജ്വാലക്കൊത്ത കണ്ണുകൾ എന്നെ കാണുന്നു എന്നുള്ള ഒരു ചിന്തയാണ് ദൈവപൈതലിന്റെ ജീവിതത്തിൽ വേണ്ടത്. മനുഷ്യർ മുമ്പാകെ നാം ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ ദൈവം മാത്രം നമ്മെ കാണുമ്പോൾ നാം ചെയ്യുന്നുവെങ്കിൽ അതിന്റെ അർഥം എന്താണ്? നാം ദൈവത്തെ ഭയപ്പെടുന്നതിനു പകരം മനുഷ്യനെ ഭയപ്പെടുന്നു എന്നല്ലേ? മനുഷ്യന്റെ അഭിപ്രായത്തിന് ഞാൻ വിലമതിക്കുന്നു എന്നല്ലേ? ദൈവം എന്ത് വിചാരിക്കുന്നു എന്ന് ഞാൻ ചിന്തിക്കുന്നേയില്ല. എന്നാൽ ഇയ്യോബിന്റെ ജീവിതത്തിൽ നാം കാണുന്നത് മറിച്ചാണ്. "അവൻ നിഷ്കളങ്കനും, നേരുള്ളവനും, ദൈവ ഭക്തനും, ദോഷം വിട്ടകലുന്നവനും ആയിരുന്നു" എന്ന് വചനം പറയുന്നു.

അങ്ങനെയെങ്കിൽ നാം ഇന്ന് യഥാർഥ ദൈവഭക്തരാണോ? കൃത്രിമമായ ഒരു വിശുദ്ധിക്കു വേണ്ടിയാണ് നാം ശ്രമിക്കുന്നത്. ജോസഫ് തനിക്ക് ഒരുപാട് ന്യായീകരണങ്ങൾ നിരത്തി പാപം ചെയ്യാമായിരുന്ന ഒരു സ്ഥലത്ത് നിന്നും ദൈവത്തെ ഭയപ്പെട്ട് പാപത്തിൽ നിന്ന് ഓടി മാറുന്നതായി നാം കാണുന്നു. ഇന്ന് അങ്ങനെ ഒരു അവസ്ഥ ഉണ്ടാവുന്നുണ്ടോ? ചെയ്തു പോയ പാപത്തെ പോലും ഏറ്റുപറയാതെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നവരാണ് നാം. "വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ ദർശിപ്പാൻ സാധ്യമല്ല" എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അങ്ങനെയെങ്കിൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വിശുദ്ധി സൂക്ഷിക്കാനായി നമുക്ക് പരിശ്രമിക്കാം. അതിനായി പരിശുദ്ധാത്മാവിന്റെ സഹായം തേടാം. "പാപം പടിവാതിൽക്കൽ കിടക്കുന്നു" എന്നുള്ള വസ്തുത മറന്നു പോകാതെ ഓരോ നിമിഷവും ദൈവ സാന്നിധ്യത്തിൻ മറവിൽ ജീവിക്കാൻ ശ്രമിക്കാം.

പരാമർശം

സദൃശ്യവാക്യങ്ങൾ 3:7

നിനക്കു തന്നെ നീ ജ്ഞാനിയായി തോന്നരുത്, യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക.

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 041